1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

പരിശോധിച്ച് ബോധ്യപ്പെട്ടു

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

1-1-1 വാർഷിക ധനകാര്യ പത്രിക പൂർണ്ണമായും സിസ്റ്റം ജനറേറ്റഡ് റിപ്പോർട്ടുകളാണ്. കെ പി ആർ ചട്ടം – 62(എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, മുൻ വർഷത്തെ താരതമ്യ തുകകൾ എന്നിവ ലഭിക്കും വിധം സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്യുന്നതിന് ഐ കെ എം –ന് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.മറുപടി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി സോഫ്റ്റ് വെയറായ സചിത്രയും,പദ്ധതി സോഫ്റ്റ് വെയറായ സുലേഖയും ഇന്റഗ്രേറ്റ് ചെയ്യാത്തതുമൂലമാണ് കാലികമാക്കൽ വൈകുന്നത്, ആസ്തി റജിസ്റ്റർ കാലികമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മറുപടി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-1-3 തേയ്മാനം കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

1-1-3 തേയ്മാനം കണക്കാക്കിയതിന്റെ വിവരങ്ങൾ പരിശോധനക്ക് ഓഫീസിൽ ലഭ്യമാണ് ആയത് പരിശോധനക്ക് ഹാജരാക്കുന്നതാണ്. മറുപടി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

1-1-4 വ്യത്യാസം ബോധ്യപ്പെട്ടു. എന്നാൽ വാർഷിക ധനകാര്യ പത്രിക പൂർണ്ണമായും സിസ്റ്റം ജനറേറ്റഡ് റിപ്പോർട്ടുകളായതിനാൽ തിരുത്തൽ സാധിക്കുകയില്ല. അപാകത IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മറുപടി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-1-5 പ്രയർ പിരിയേഡ് ഇനങ്ങളിലെ അപാകങ്ങൾ

ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പൂർണ്ണമായും സോഫ്റ്റ് വെയർ (ILGMS) ജനറേറ്റഡ് റിപ്പോർട്ട് ആണ്. ആയത് പരിഹരിക്കുന്നതിന് ഐ കെ എം –ന് കത്ത് നൽകുന്നതാണ്. മറുപടി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-1-6 രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവിനോട് പൊരുത്തപ്പെടുന്നില്ല

1. . ജീവനക്കാരുടെ തൊഴിൽ നികുതി ശമ്പളത്തിൽ നിന്നും നേരിട്ട് കുറവ് ചെയ്തിട്ടുള്ളതിനാൽ രസീപ്റ്റ് ആന്റ് പേയ്മെന്റ് റിപ്പോർട്ടിൽ ഈ തുക പ്രതിഫലിക്കില്ല. ടി തുക കൂടി ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ട്. രജിസ്റ്റർ, 110200102 Profession tax –Employees എന്ന ശീർഷകത്തിന്റെ ലെഡ്ജർ എന്നിവ പരിശോധനക്കായി സമർപ്പിക്കുന്നതാണ്
2. റജിസ്റ്ററിൽ രസീപ്റ്റ് ആന്റ് പേയ്മെന്റ് റിപ്പോർട്ട് പ്രകാരമുള്ള തുക തെറ്റി എഴുതിതാണ്. രജിസ്റ്റർ അപാകത പരിഹരിച്ച് കാലികമാക്കിയിട്ടുണ്ട്. പരിശോധനക്ക് സമർപ്പിക്കുന്നതാണ്.
3. ഓഡിറ്റിന് ഹാജരാക്കിയിരുന്നത് ഓഡിറ്റ് തിയതിയിൽ ഡൌൺലോഡ് ചെയ്ത ഡി സി ബി ആയതിനാലാണ് വ്യത്യാസം കാണാനിടയായത്. 31/03/2024 ന് ഡൌൺലോഡ് ചെയ്ത ഡി സി ബി ലഭ്യമാണ്. ആയത് പരിശോധനക്ക് ഹാജരാക്കുന്നതാണ്.
4. ഹെഡ് തെറ്റായി രസീതി ചെയ്തതിനാലാണ് പ്രസ്തുത വ്യത്യാസം വന്നിട്ടുള്ളത് .വ്യത്യാസം ശരിയാക്കിയിട്ടുണ്ട്.

മറുപടി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-1-7 വായ്പാ നീക്കിയിരിപ്പ് - രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

LIFE ലോൺരജിസ്റ്ററിന് പകരം Manual A C R ആണ് പരിശോധനക്ക് ഹാജരാക്കിയിരുന്നത്. ലോണിൽ നിന്നും പദ്ധതി ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച ഇനത്തിലെ ചെലവാണ് പ്രസ്തുത റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. . ലോൺ വരവ്/തിരിച്ചടവ് റജിസ്റ്ററും, വാർഷിക ധനകാര്യ പത്രിക - ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-5 – ഹെഡ് കോഡ്: 330500201 – Secured Loans – Loans From KURDFC) വായ്പയിനത്തിലെ നീക്കിയിരിപ്പും (24709998/-) തുല്യമാണ്. ലോൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കുന്നതാണ്. മറുപടി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-1-8 ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മന്റിലെ ബാങ്ക്ബുക്ക് ബാലൻസ് യഥാർത്ഥ ബാങ്ക്ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

22301066 / G101107 നമ്പർ വൌച്ചർ പ്രകാരമുള്ള 2950/- ചെലവ് ബാങ്ക് ബുക്കിൽ ഉണ്ടെങ്കിലും റീകൺസിലിയേഷൻ ജാലകത്തിലേക്ക് റിഫ്ലക്ട് ചെയ്തിട്ടില്ല ആയത് തീർത്തും സാങ്കേതികമായ തെറ്റാണ്. പരിഹരിക്കുന്നതിന് ഐ കെ എം ന് പരാതി നൽകുന്നതണ്. മറുപടി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-1-9 ചെക്ക് ഡെപ്പോസിറ്റഡ് തുകകൾ ബാങ്ക് ബുക്കിലേക്ക് വരവു വെക്കുന്നില്ല.

(1) 22100738 date- 17/02/2022 നമ്പർ ചെക്ക് സ്റ്റേൽ ചെക്കായി വരവ് വെക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്
(2) E payment വഴി 668/ രൂപ അടവാക്കുകയും ആയത് "സഞ്ചയ" യിൽ ബന്ധപ്പെട്ട കെട്ടിടനമ്പറിൽ വരവ് (രസീത് നമ്പർ-117020900074) കാണിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ടി തുക ഇതേവരെ ബാങ്കിൽ ക്രെഡിറ്റായിട്ടില്ല. ആയതിനാലാണ് തുക ബാങ്ക് ബുക്കിലേക്ക് വരവ് വെക്കാത്തത്. ബ്ലോക്ക് T A വഴി IKM ന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
മറുപടി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-2 ബജറ്റ്.

പരിശോധിച്ച് ബോധ്യപ്പെട്ടു

1-3 സാമ്പത്തിക നില

പരിശോധിച്ച് ബോധ്യപ്പെട്ടു

1-4 ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം).

ബോധ്യപ്പെട്ടു

1-5 പദ്ധതി അവലോകനം

പരിശോധിച്ച് ബോധ്യപ്പെട്ടു

1-6 തൊഴിലുറപ്പ് പദ്ധതി

പരിശോധിച്ച് ബോധ്യപ്പെട്ടു

1-7 ക്ഷേമ പദ്ധതികൾ

പരിശോധിച്ച് ബോധ്യപ്പെട്ടു

1-8 ക്യാഷ് പരിശോധന

പരിശോധിച്ച് ബോധ്യപ്പെട്ടു

1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തി റജിസ്റ്റർ അതാത് വർഷങ്ങളിൽ തന്നെ കാലികമാക്കി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.
2. തേയ്മാനം കണക്കാക്കുന്നതിനുള്ള രജിസ്റ്ററുകൾ/ രേഖകൾ തയ്യാറാകകി സൂക്ഷിക്കുന്നതാണ്.
മറുപടി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പരിശോധിച്ച് ബോധ്യപ്പെട്ടു

1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം

പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ എം സി എഫിൽ എത്തിക്കുന്ന അജൈവ മാലിന്യം ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണത്തിൽ കുറവ് ള്ളതിനാലും സെഗ്രിഗേഷൻ ആരംഭിച്ചിട്ടില്ലാത്തതിനാലും ഗ്രീൻവേംസ് എന്ന സ്ഥാപനത്തിന് കൈമാറുകയാണ് ചെയ്യുന്നത്.2024 ഡിസംബർ മാസത്തിൽ സെഗ്രിഗേഷൻ ആരംഭിച്ചതോടെ ശാസ്ത്രീയമായ രീതിയിൽ മാലിന്യം തരംതിരിച്ച് സ്ക്രാപ്പുകൾക്ക് വില നിശ്ചയിച്ച് വില്പന നടത്തിവരുന്നു.ഹരിതകർമ്മസേനാംഗങ്ങൾക്ക് തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് 2024-25 വർഷത്തിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.ഹരിത കർമ്മസേനയ്ക്ക് ഓഫീസ്,മാലിന്യം തരം തിരിക്കുന്നതിനുള്ള മേശ,രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിനുള്ള അലമാര എന്നിവ ലഭ്യമാക്കുന്നതാണ്.ഇല്ക്രിസിറ്റി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.കുടുംബശ്രീ വഴി അംഗങ്ങൾക്ക് ഡ്രൈവിംങ് പരിശീലനം നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുമ്പോൾ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ആയത് ഉറപ്പ് വരുത്തുന്നുണ്ട്.അംഗങ്ങൾക്ക് യൂനിഫോം ,സുരക്ഷ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.വരവ് ചെലവ് കണക്ക് സൂക്ഷിപ്പ്,രജിസ്റ്ററുകളുടെ പരിപാലനം എന്നി കാര്യക്ഷമമാക്കുന്നതാണ്. മറുപടി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-12 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.

1.പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി 14750/- രൂപ ശബള ബില്ലിൽ നിന്നും കുറവു ചെയ്യുകയും,ആയത് ജേണൽ എൻട്രി വഴി അക്കൌണ്ടിൽ വരവ് വെച്ചിട്ടുള്ളതുമാണ് . ജീവനക്കാരുടെ തൊഴിൽ നികുതി ശമ്പളത്തിൽ നിന്നും നേരിട്ട് കുറവ് ചെയ്തിട്ടുള്ളതിനാൽ രസീപ്റ്റ് ആന്റ് പേയ്മെന്റ് റിപ്പോർട്ടിൽ ഈ തുക പ്രതിഫലിക്കില്ല. .ഇൻകം & എക്സ്പെൻഡിച്ചറിൽ പ്രതിഫലിക്കുന്നുണ്ട്. ജേണൽ എൻട്രി നമ്പർ -42300707 തിയതി -1/3/2024 പകർപ്പ് ഇതു സഹിതം സമർപ്പിക്കുന്നു.
2.തൊഴിൽ നികുതി അടവാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട്.
3.തൊഴിൽ നികുതി അടവാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട്.
4.തൊഴിൽ നികുതി അടവാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട്.

5. പെരുവള്ളൂർ ICDS സൂപ്പർവൈസറായിരുന്ന ശ്രീമതി. വിദ്യാ ബാലു എന്നവരുടെ 2023-24 വർഷ തൊഴിൽ നികുതി 26/08/2023 ,27/02/2024 തീയ്യതിയിൽ ടിയാളുടെ ഓഫീസ് സ്ഥിതി ചെയ്യുന്ന മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്
ഓഫീസിൽ അടവാക്കിയിട്ടുണ്ട് .ആയതിന്റ പ്രഫോർമ,രസീതി എന്നിവ ഇതു സഹിതം സമർപ്പിക്കുന്നു.
6.പെരുവള്ളൂർ പഞ്ചായത്തിൽ 2023-24 ആദ്യ അർദ്ധവർഷത്തെ. വിഇഒ ആയിരുന്ന ശ്രീ .സുഗതൻ.എ.വി എന്നവർ 06/07/2023 ന് കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി പഞ്ചായത്തിലേക്ക് സ്ഥലം മാറി പോവുകയും,അവിടെ തൊഴിൽ നികുതി അടവാക്കുകയും ചെയ്തിട്ടുണ്ട്.ആയതിന്റെ പകർപ്പ് ഇതു സഹിതം സമർപ്പിക്കുന്നു.30/09/2024 വരെ മൂന്നിയൂർ പഞ്ചായത്ത് വിഇഒ ക്ക് അഡീഷണൽ ചാർജ്ജായിരുന്നു. രണ്ടാം അർദ്ധ വർഷം 2 വിഇഒ മാർ 2500/ രൂപ 15/2/2024 ന് രസീതി നമ്പർ 1230105858 ആയി അടച്ചിട്ടുണ്ട്.ആയതിന്റെ പകർപ്പ് ഇതു സഹിതം സമർപ്പിക്കുന്നു .
II
1)ടിഎസ്സി ഫിൻകോർപ്പ് എന്ന സ്ഥപനത്തിന് സ്ഥാപനതൊഴിൽ നികുതി അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്.
2)ജിയോ പോയിന്റ് റിലയൻസ് റീറ്റെയിൽ ലിമിറ്റഡ് എന്ന സ്ഥപനത്തിന് സ്ഥാപനതൊഴിൽ നികുതി അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്.

മറുപടി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു.

1-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 (ബി) പ്രകാരം ക്ലെയിം ഡ്യൂ ആയ തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ തിരികെ ആവശ്യപ്പെടാത്ത ഡെപ്പോസിറ്റുകൾ (കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ) ഭരണസമിതി അംഗീകാരത്തോടെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രക്രിയ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. മറുപടി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-14 പാരാമെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ സംബന്ധിച്ച അപാകങ്ങൾ

പഞ്ചായത്തിലെ മുഴുവൻ സ്വകാര്യ ആശുപത്രികൾ,പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയക്ക് 1997 ലെ കേരള പഞ്ചായത്ത് രാജ്(സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് എന്നുള്ള വിവരം ബോധിപ്പിക്കുന്നു. ആയത് പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു.

1-15 വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തത്- പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല

നോട്ടിൽ പരാമർശിച്ച നാല് പ്രവർത്തികളുടെ യു സി ലഭ്യമാക്കുന്നതിനായി കെ എസ് ഇ ബി ചേളാരി സെക്ഷനിലേക്ക് 6/6/24,11/7/2024,19/11/2024 തീയതികളിൽ കത്ത് നല്കിയിട്ടുള്ളതാണ്.ഓഡിറ്റ് പരാമർശം സംബന്ധിച്ച വിവരങ്ങളും അറിയിച്ചിരുന്നതാണ് എന്നാൽ ഇത് വരെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല , തുടർ നടപടികൾ അടിയന്തിരമായി സ്വീകരിച്ചു വരുന്നുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.
മറുപടി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു.

1-16 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

1.തെരുവ് വിളക്ക് രജിസ്റ്റർ - ഓരോ വർഷവും വാങ്ങുന്ന വിളക്കുകൾ ,തകരാറിൽ ആവുന്നവ റിപ്പയർ സംബന്ധിച്ച വിവരങ്ങൾ എന്നിവ സഹിതം പരിപാലിക്കുന്നുണ്ട്.എന്നാൽ ഓഡിറ്റ് എൻകയറി നോട്ടിൽ പരാമർശിച്ച പ്രകാരം ഓരോ വാർഡിലെയും തെരുവ് വിളക്കുകൾ ,ഇനം തിരിച്ചു പ്രത്യേകം സമഗ്രമായി തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട് ,പൂർത്തീകരിച്ചു ഓഡിറ്റിന് സമർപ്പിക്കുന്നതാണ്.

2.കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന ഉടനെ നടത്തി റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കുന്നതാണ്.

3.തെരുവ് വിളക്ക് പരിപാലനം - പൊതു മാർഗരേഖ അനുസരിച്ചു മെയിന്റനൻസ് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണ്.
4.കേടായ തെരുവ് വിളക്കുകൾ തിരികെ ലഭ്യമാക്കി സ്റ്റോക്കിലെടുക്കുന്നതിനുംവർഷാവസാനം stock in register ഉം stock out register ഉം റീകൺസിൽ ചെയ്യുന്നതുമാണ്.

5.തെരുവ് വിളക്ക് പരിപാലനം മോണിറ്റർ ചെയ്യുന്നതിന് വാർഡ് തലത്തിൽ മോണിറ്ററിങ് സമിതി ഉടൻ രൂപീകരിച്ച് ഓഡിറ്റിന് സമർപ്പിക്കുന്നതാണ്. ആയത് പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു.
മറുപടി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു.

1-17 പ്ലാസ്റ്ററിങ്ങിന് അധിക നിരക്ക് നൽകി

പരാമർശത്തിൽ സൂചിപ്പിച്ച അപാകതകൾ വരാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കുന്നതിന് അപേക്ഷിക്കുന്നു.നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ഇതു സഹിതം സമർപ്പിക്കുന്നു.

1-18 മൺപണിക്ക് അധിക നിരക്ക് നൽകി - ഓഡിറ്റ് നിർദേശത്തെ തുടർന്ന് തിരിച്ചടവാക്കി.

പരാമർശത്തിലുള്ള സൂചിപ്പിച്ച അപാകതകൾ വരാതെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സൂക്ഷ്മത പുലർത്തുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കുന്നതിന് അപേക്ഷിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ഇതു സഹിതം സമർപ്പിക്കുന്നു.

1-19 പൊളിച്ച് മാറ്റിയ കരിങ്കല്ല് - ലേലം ചെയ്യുകയോ പുനരുപയോഗിക്കുകയോ ചെയ്തില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ ആയ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി സമർപ്പിച്ചിട്ടുണ്ട്.ആയത് പരിഗണിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. മറുപടി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു.

1-20 1.2 കോടി രൂപയുടെ ക്യൂ ബില്ലുകൾ . പദ്ധതി നിർവഹണത്തിൽ അനാസ്ഥ

2023-2024 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് പൊതു വിഭാഗത്തിൽ അനുവദിക്കാനുള്ള അവസാന ഗഡു ബഡ്ജറ്റ് വിഹിതം സാമ്പത്തിക വർഷം അവസാനിക്കാൻ വെറും അഞ്ചു പ്രവർത്തി ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ ആണ് ഉത്തരവായത് .പക്ഷെ ഈ തുക ബന്ധപ്പെട്ട സോഫ്ടെ യറുകളിൽ കാലികമാക്കി തദ്ദേശ സ്ഥാപനങ്ങൾക്കു ബില്ലുകൾ തയ്യാറാക്കി സമർപ്പിക്കാൻ സജ്ജമാക്കി ലഭ്യമാക്കുന്നതിന് അടുത്ത ദിവസം 23.3.2024 അർധരാത്രി വരെ കാത്തിരിക്കേണ്ടി വന്നിട്ടുണ്ട്. 25.3.2024 ട്രെഷറി ഡയറക്ടർ നൽകിയ സർക്കുലർ പ്രകാരം മാത്രമേ ട്രഷറിയിൽ ബിൽ സമർപ്പിക്കാൻ അനുവദിച്ചിരുന്നുള്ളു എന്നതിനാൽ അടുത്ത ദിവസം (ഞായറാഴ്ച അവധി ദിവസം) കൂടെ ഉപയോഗപ്പെടുത്തി നിർവഹണ ഉദ്യോഗസ്ഥരോട് ബില്ലുകൾ തയ്യാറാക്കി സമർപ്പിക്കാൻ നിർദേശം നൽകുകയും ,അടുത്ത പ്രവർത്തി ദിവസം തന്നെ (25.3.2024 തീയതി) എല്ലാ ബില്ലുകളും ട്രെഷറിയിൽ സമർപ്പിച്ചതുമാണ്. .പിന്നീട് ഫിനാൻസിൽ നിന്നുള്ള നിർദേശ പ്രകാരം ഈ തീയതി 27.3.2024 വരെ നീട്ടി.ഇത്തരത്തിൽ സമർപ്പിക്കുന്ന ബില്ലുകൾ ക്യൂ ചെയ്ത മുൻഗണന പ്രകാരം അനുവദിക്കുമെന്നായിരുന്നു സർക്കുലർ പ്രകാരം അറിയിച്ചിരുന്നത്.എന്നാൽ പിന്നീട് സൂചന (4) പ്രകാരം ഇത്തരത്തിൽ സമർപ്പിച്ച മുഴുവൻ ബില്ലുകളും ഡി ഡി ഓ മാർക്ക് തിരികെ നൽകുന്നതിന് നിർദേശം പുറപ്പെടുവിച്ചതായി കാണുന്നു.
2023 -2024 സാമ്പത്തിക വർഷാവസാനം പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് തിരൂരങ്ങാടി സബ് ട്രെഷറിയിൽ നിശ്ചിത സമയത്തിനകം (25.3.2024 തീയതിക്കു മുൻപ്) സമർപ്പിച്ച ബില്ലുകൾ ഒരു ബിൽ മാത്രമാണ് പാസാക്കിയിട്ടുള്ളത്.ഐ കെ എം മെമ്പർഷിപ് ഫീ (841186/ രൂപ)നൽകുന്നതിനുള്ള ബില് മാത്രമാണ്. ബാക്കി വന്ന പ്ലാൻ ഫണ്ട് തുക ഉപയോഗിച്ചു തയ്യാറാക്കിയ പദ്ധതിയുടെ തുക പാസ് ആക്കി നൽകുകയും ,എന്നാൽ അതിനു മുൻപ് ബിൽ സമർപ്പിച്ച പദ്ധതികൾക്ക് തുക പാസ് ആക്കാതെ ചെയ്യുന്ന നടപടിയുമാണ് ട്രെഷറിയിൽ നിന്നും ഉണ്ടായത്.

ട്രെഷറി വകുപ്പിന്റെ ഭാഗത്തു നിന്നുള്ള എല്ലാ നിർദേശങ്ങളും പാലിച്ചു കൊണ്ട് , പ്ലാൻ ഫണ്ട് അലോട്ട്മെന്റ് ലഭിച്ച ശേഷം ലഭ്യമായ കുറഞ്ഞ സമയത്തിനുള്ളിൽ എല്ലാ ബില്ലുകളും യഥാസമയം ട്രെഷറിയിൽ സമർപ്പിച്ചിട്ടുണ്ട് എന്നും ,ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടില്ല എന്നും ബോധിപ്പിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നല്ലാതെ ഉണ്ടായ വീഴ്ച മൂലം ബില്ലുകൾ ക്യൂ സംവിധാനത്തിൽ ഉൾപ്പെട്ടത് സംബന്ധിച്ച് ബഹു.പഞ്ചായത്തു പ്രസിഡണ്ട് സർക്കാരിലേക്കും ബഹു വകുപ്പ് മന്ത്രിക്കും നിവേദനം നൽകുകയും വിവരങ്ങൾ ധരിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.കത്തിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-21 പി.എം.എ.വൈ വിഹിതം നൽകിയത്- വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പി എം എ വൈ വിഹിതം നൽകൽ ,എസ് സി പി പദ്ധതി ചെലവായ 1,40,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.ആയത് ഇതു സഹിതം സമർപ്പിക്കുന്നു.ആയത് പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-22 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി

മേലിൽ മെഷർമെന്റ് ,ചെക്ക് മെഷർമെന്റ് വേളയിൽ സൂക്ഷ്മത പുലർത്തുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുള്ളതാണ്. ആയത് ഇതു സഹിതം സമർപ്പിക്കുന്നു. മറുപടി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-22-1 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി

മേലിൽ മെഷർമെന്റ് ,ചെക്ക് മെഷർമെന്റ് വേളയിൽ സൂക്ഷ്മത പുലർത്തുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്. ആയത് ഇതു സഹിതം സമർപ്പിക്കുന്നു. മറുപടി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-23 ആട് തീറ്റ വിതരണം - കൃത്യമായ വിതരണ വിവരം ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ മറുപടി സമർപ്പിച്ചിട്ടുണ്ട്.ഭരണസമിതി യോഗം ടി മറുപടി പരിശോധിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.ടി മറുപടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

1-24 വൗച്ചറുകൾ ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ് (പ്രൊജക്ട് നമ്പർ 104/2023-24) ബില്ലുകളുടെയും അനുബന്ധരേഖകളുടെയും പകർപ്പ് സമർപ്പിച്ചിട്ടുണ്ട്.ആയത് ഇതോടൊപ്പം സമർപ്പിക്കുന്നു.ആയത് പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് വേണ്ടി അപേക്ഷിക്കുന്നു.

1-25 മുൻകൂറായി തുക നൽകി - മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും മുഴുവൻ ലഭ്യമായില്ല

മരുന്നുകൾ പൂർണമായും ലഭിച്ചതിനുശേഷം സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മറുപടി സമർപ്പിച്ചിട്ടുണ്ട്.
ആയത് പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് വേണ്ടി അപേക്ഷിക്കുന്നു.

1-26 രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - അധിക തുക നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മറുപടി സമർപ്പിച്ചിട്ടുണ്ട്. ആയത് ഇതു സഹിതം സമർപ്പിക്കുന്നു.മറുപടി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് വേണ്ടി അപേക്ഷിക്കുന്നു.

1-27 വാങ്ങൽ നടപടികൾ പാലിക്കാതെ നടീൽ വസ്തുക്കൾ വാങ്ങി.

നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ മറുപടി സമർപ്പിച്ചിട്ടുണ്ട്.ആയത് ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് സമർപ്പിക്കുന്നു.ഭരണ സമിതി മറുപടി പരിശോധിച്ചു ഓഡിറ്റ് പരാമർശം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കാൻ തീരുമാനിച്ചു. മറുപടി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു.

1-28 ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അധിക തുക തിരിച്ചടവാക്കി

മേലിൽ സ്കോളർഷിപ്പ് തുക നൽകുമ്പോൾ സബ്സിഡി മാർഗ്ഗ പ്രകാരമുള്ള തുക തന്നെയാണ് നൽകുന്നതെന്ന് ഉറപ്പ് വരുത്തുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ സി ഡി എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. മറുപടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കുന്നതിന് അപേക്ഷിക്കുന്നു.

3-1 രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - അധിക തുക നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മറുപടി സമർപ്പിച്ചിട്ടുണ്ട്. മറുപടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കുന്നതിന് അപേക്ഷിക്കുന്നു.

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

പരിശോധിച്ച് ബോധ്യപ്പെട്ടു

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

പരിശോധിച്ച് ബോധ്യപ്പെട്ടു

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

റിപ്പോർട്ടിൽ പരാമർശിച്ച നാല് പ്രവർത്തികളുടെ യു സി ലഭ്യമാക്കുന്നതിനായി കെ എസ് ഇ ബി ചേളാരി സെക്ഷനിലേക്ക് 6/6/24,11/7/2024,19/11/2024 തീയതികളിൽ കത്ത് നല്കിയിട്ടുള്ളതാണ്.ഓഡിറ്റ് പരാമർശം സംബന്ധിച്ച വിവരങ്ങളും അറിയിച്ചിരുന്നതാണ് എന്നാൽ ഇത് വരെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല , തുടർ നടപടികൾ അടിയന്തിരമായി സ്വീകരിച്ചു വരുന്നുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

പ്രൊജക്റ്റ് നമ്പർ 320/ 24 -25 സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി പൂർത്തീകരിക്കുകയും , പൂർത്തീകരണ സാക്ഷ്യപത്രം അനെർട് നൽകുകയും ചെയ്തിട്ടുണ്ട്.പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കുന്നതിന് അപേക്ഷിക്കുന്നു.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

പരിശോധിച്ച് ബോധ്യപ്പെട്ടു

4-5 വായ്പ /വായ്പ തിരിച്ചടവ്

LIFE ലോൺരജിസ്റ്ററിന് പകരം Manual A C R ആണ് പരിശോധനക്ക് ഹാജരാക്കിയിരുന്നത്. ടി റജിസ്റ്ററിലാണ് -50000/- നീക്കിയിരിപ്പുള്ളത്. ലോൺ റജിസ്റ്ററും വാർഷിക ധനകാര്യ പത്രിക - ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-5 – ഹെഡ് കോഡ്: 330500201 – Secured Loans – Loans From KURDFC) വായ്പയിനത്തിലെ നീക്കിയിരിപ്പും (24709998/-) തുല്യമാണ്. രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കുന്നതാണ്. മറുപടി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു.

4-6 സ്ഥിര നിക്ഷേപം

പരിശോധിച്ച് ബോധ്യപ്പെട്ടു

4-7 ഓഡിറ്റ് റിക്കവറി

പരിശോധിച്ച് ബോധ്യപ്പെട്ടു

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പരിശോധിച്ച് ബോധ്യപ്പെട്ടു

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

പരിശോധിച്ച് ബോധ്യപ്പെട്ടു

4-10 ഓഡിറ്റ് പ്രത്യവലോകനം

പരിശോധിച്ച് ബോധ്യപ്പെട്ടു

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

2019-20 വർഷത്തിൽ 4 പരാമർശങ്ങളും, 2022-23 വർഷത്തിൽ 18 പരാമർശങ്ങളും ,2017-18 വർഷത്തിൽ 10 പരാമർശങ്ങളുമാണ് തീർപ്പാക്കാൻ ബാക്കിയുള്ളത് .ബാക്കിയുള്ളവ പരിശോധിച്ച് ബോധ്യപ്പെട്ടു